**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1362** **10-10-2024 - ൽ മറുപടിയ്ക്ക്**

**കാക്കനാട് തെങ്ങോട് ഗവൺമെൻറ് സ്കൂൾ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാക്കനാട് തെങ്ങോട് ഗവൺമെൻറ് സ്കൂൾ കെട്ടിടത്തിനോട് ചേർന്നുള്ള ഭാഗത്തെ മണ്ണ് കാലവർഷത്തിൽ ഇടിഞ്ഞുതാഴ്ന്നതിനെ തുടർന്ന് കെട്ടിടം നിലവിൽ അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെങ്ങോട് സ്കൂളിലെ ഗ്രൗണ്ടിനോട് ചേർന്ന സ്ഥലത്തെ മണ്ണിടിഞ്ഞ് സ്വകാര്യ വ്യക്തിയുടെ സ്ഥലത്തേക്ക് വീഴുകയാണ്. സ്കൂളിന് ചുറ്റുമതിൽ കെട്ടിയത്കൊണ്ട് പ്രസ്തുത പ്രശ്നത്തിന് പരിഹാരം ആവുകയില്ല. മണ്ണിടിഞ്ഞ ഭാഗം താഴെ മുതൽ കെട്ടി എടുത്താൽ മാത്രമേ പ്രശ്നം പരിഹരിക്കപ്പെടുകയുള്ളൂ. |
| (ബി) | ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖേന പരിശോധന നടത്തി മണ്ണിടിഞ്ഞ് തകർന്ന ഭാഗത്ത് തുടർ മണ്ണിടിച്ചിൽ ഉണ്ടാകാതെ തടയുന്നതിനും സ്കൂൾ കെട്ടിടത്തിന്റെ സുരക്ഷയ്ക്കും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | മണ്ണിടിഞ്ഞ് തകർന്ന ഭാഗത്ത് തുടർ മണ്ണിടിച്ചിൽ ഉണ്ടാകാതെ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ തൃക്കാക്കര മുനിസിപ്പാലിറ്റി വിദ്യാഭ്യാസ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ടി സ്കൂളിന്റെ മണ്ണിടിച്ചിൽ പരിഹരിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ ആകസ്മിക ധനസഹായം Contingency Assistance of sustenance of School Infrastructure പദ്ധതിയിൽ ഉൾപ്പെടുത്തി 20 ലക്ഷത്തിൽ കവിയാതെ പി.ഡബ്ല്യുഡി എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ